(ബി) 5-12-2014-ലെ കണക്കുപ്രകാരം പ്രസ്തുത സെക്ഷനുകളിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി 11 ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്. ടി കണക്ഷനുകൾ 10 ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായ അപേക്ഷ ലഭിച്ച് 7 ദിവസപരിധിക്കുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസപരിധിക്കുള്ളിൽ "വെതർ പ്രൂഫ് കണക്ഷനുകളും, 1 കി.മീറ്റർ വരെയുള്ള ഓവർ ഹെഡ് ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു.

(ഡി) 25,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ/50 ചതുരശ്ര കിലോ മീറ്റർ അഥവാ 20,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ/100 ചതുരശ്ര കിലോ മീറ്റർ എന്നതിൽ കൂടുതൽ ഉപഭോക്താക്കൾ/വിസ്തൃതി ഉള്ള സെക്ഷനുകളാണ് ഇപ്പോൾ വിഭജനത്തിനായി പരിഗണിച്ചു വരുന്നത്. പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, പരിയാരം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ മേൽ സൂചിപ്പിച്ച മാനദണ്ഡത്തിൽ ഉൾപ്പെടുന്നതല്ല. ആയതിനാൽ പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി

49 (2287) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രപൂളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത് ; ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്; അനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും കൊണ്ടുവരുന്നതിന് ആവശ്യമായ ഗ്രിഡ് സംവിധാനം നിലവിലുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണ് ?

ഉത്തരം

1344.62 മെഗാവാട്ട്. ഇപ്പോൾ ശരാശരി 1100 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ശേഷി നിലവിലുള്ള ഗ്രിഡിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കേന്ദ്രപൂളിൽ നിന്നല്ലാതെ മറ്റ് സ്രോതസ്സുകളിൽ നിന്നും വൈദ്യുതി എത്തിക്കേണ്ടതായി വരുമ്പോഴാണ് ഗ്രിഡിന്റെ അപര്യാപ്തത ഉണ്ടാവുന്നത്. കേന്ദ്ര വിഹിതവും കേരളത്തിന്റെ ആഭ്യന്തര ഉല്പാദനവുംകൊണ്ട് മാത്രം കേരളത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റാൻ പര്യാപ്തമല്ല. ഇതിലേക്കായി കരാറടിസ്ഥാനത്തിൽ മറ്റ സ്ഥലങ്ങളിൽ നിന്നും അന്തർ സംസ്ഥാന ലൈനുകൾ വഴി വൈദ്യുതി എത്തിക്കേണ്ടതായി വരുമ്പോൾ ഗ്രിഡിന്റെ അപര്യാപ്തത മുഖ്യവിഷയമാണ്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന അന്തർ സംസ്ഥാന ലൈനുകൾ നിർമ്മിച്ചു വരുന്നു.

(i) 400 കെ.വി. മൈസൂർ - അരിക്കോട് ഡബിൾ സർക്യൂട്ട് ലൈൻ പ്രസ്തുത ലൈനിന്റെ കേരളത്തിലുള്ള ഭാഗത്തെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്ത് കാപ്പി കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായി കർണ്ണാടക ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ii) കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി മാടക്കത്തറ ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(iii) 400 കെ.വി. ഉഡുപ്പി (കർണ്ണാടക)-മൈലാട്ടി-അരിക്കോട് ഡബിൾസർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അനുമതിയും SPRC-യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(iv) Raigarh - Pugalur - Madakkathara 800 kV HVDC ലൈനിന്റെ നിർമ്മാണം നടത്തുന്നതിനായി CEA-യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടകയിലെ കോനാജേയിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്ന കോനാജേ-മഞ്ചേശ്വരം 110 കെ.വി.ലൈനിന്റെ കേരളത്തിലെ ഭാഗത്തെ 110 കെ.വി. തവിടുഗൊളി-മൈലാട്ടി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി ശക്തിപ്പെടുത്തുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.